


## വിചിന്തനം

ജൂൺ 2022

മരുഭൂമിയിലെ പരീക്ഷയ്ക്കുശേഷം തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ ഏശയ്യാ പ്രവാചകനെ ഉദ്ധരിച്ചുകൊണ്ട് യേശു പറഞ്ഞു, ''കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്''. ഇക്കൊല്ലത്തെ പന്തക്കുസ്താ തിരുനാളിന് ഒരുങ്ങുമ്പോൾ 'കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്' എന്ന ബോധ്യം നമ്മെ എത്രമാത്രം നയിക്കുന്നുവെന്നു പരിശോധിക്കാം. ഈ ബോധ്യമാണ് നാമാരാണെന്നും നമ്മുടെ വിളി എന്താണെന്നുമുള്ള സുനിശ്ചിതത്വം നൽകുന്നത്.

ദൈവാത്മാവിന്റെ സാന്നിധ്യം നമ്മെ പ്രധാനമായും പ്രചോദിപ്പിക്കുന്നത് എന്തിനായിരിക്കും? യേശുവിലൂടെ മാത്രമുള്ള രക്ഷ ലോകത്തോട് ഉദ്ഘോഷിക്കാൻ തന്നെ.

കർത്താവിന്റെ ആത്മാവ് യേശുവിൽ നിറഞ്ഞത് പ്രധാനമായും ദരിദ്രരെ സുവിശേഷമറിയിക്കാൻ വേണ്ടിയാണ്. തിരികെ നൽകാൻ ഇല്ലാത്തവരിലേക്ക്, അധികമൊന്നും അവകാശപ്പെടാനില്ലാത്തവരിലേക്ക്, ബന്ധിതരും അടിച്ചമർത്തപ്പെട്ടവരും അന്ധരുമായവരിലേക്ക് ശുശ്രൂഷയുടെ വാതിൽ തുറന്നിടാൻ കർത്താവിന്റെ ആത്മാവ് നമ്മെ പ്രേരിപ്പിക്കുന്നു. സമ്പത്തും കഴിവുമൊക്കെയുള്ള മനുഷ്യർക്ക് ശുശ്രൂഷ ചെയ്യാൻ ഒരുപക്ഷേ നമ്മുടെ സ്വാർത്ഥതയിൽ താൽപര്യം ജനിച്ചേക്കാം. കാരണം അംഗീകാരമായോ മറ്റു ഭൗതികനേട്ടങ്ങളായോ ചില പ്രതിഫലങ്ങൾക്ക് അവിടെ സാധ്യതയുണ്ട്. എന്നാൽ തിരികെ തരാനില്ലാത്തവർക്ക് ശുശ്രൂഷ ചെയ്യുവാൻ കർത്താവിന്റെ ആത്മാവ് നമ്മിലില്ലാതെ സാധിക്കുകയില്ല. കൽക്കട്ടയിലെ പുഴുവരിച്ച മനുഷ്യരിലേക്കു മദർ തെരേസയെയും മൊളോക്കായിലെ കുഷ്ഠരോഗികളുടെ ദ്വീപിലേക്കു ഫാ. ഡാമിയനെയുമെല്ലാം നയിച്ചത് ഈ ആത്മാവാണ്. മദറിന്റെ കാലശേഷം മിഷനറീസ് ഓഫ് ചാരിറ്റിയുടെ ഭാവിയെന്താകുമെന്നു ചോദിച്ചപ്പോൾ മദറിന്റെ മറുപടി 'എന്നുവരെ ഈ സമൂഹം പാവങ്ങളിലെ പാവങ്ങളെ ശുശ്രൂഷിക്കുമോ അന്നുവരെ ഇതു നിലനിൽക്കും' എന്നായിരുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നതുപോലെ അസാധാരണമായ ഒന്നാണ് തിരികെ ഒന്നും തരാൻ കഴിയാത്ത ഒരാൾക്ക് ജീവിതം പണയംവച്ചുപോലും സുവിശേഷമെത്തിക്കാൻ ദൈവാത്മാവിന്റെ ശക്തിയാൽ ശ്രമിക്കുന്നത്. ചരിത്രത്തിൽ എപ്പോഴൊക്കെ കർത്താവിന്റെ ആത്മാവ് മനുഷ്യനെ സ്പർശിച്ചിട്ടുണ്ടോ അപ്പോഴൊക്കെ ഈ അത്ഭുതം നടന്നിട്ടുണ്ട്.

പാവങ്ങളോടു പക്ഷംചേരുന്നത് പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ സവിശേഷതയാണ്. സാമ്പത്തികമായി മാത്രമല്ല, ആത്മാവിൽ ദരിദ്രരായവരുടെ ഒപ്പംനിൽക്കുന്നതും പ്രധാനപ്പെട്ടതുതന്നെ. താൻ വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ (അഭിഷേകം ചെയ്യപ്പെട്ടവൻ) ആണെന്നതിന്റെ തെളിവായി യേശു ചൂണ്ടിക്കാട്ടുന്നത് ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നതാണ് (മത്തായി 11, 5).

ഈ പന്തക്കുസ്താ കാലത്ത് നാം കർത്താവിന്റെ ആത്മാവിനാൽ ഉജ്ജ്വലിക്കപ്പെടുന്നതിനായി പ്രാർഥിക്കുമ്പോൾ അത് നമ്മെ ദരിദ്രരോടു സുവിശേഷം പ്രഘോഷിക്കുവാൻ പ്രേരിപ്പിക്കുന്നുണ്ടോയെന്നും പരിശോധിക്കാം. പ്രത്യേകിച്ച് ബഹുമാനമോ, പണമോ, അംഗീകാരമോ തിരികെത്തരാൻ കഴിയാത്ത മനുഷ്യർക്ക് യേശുവിനെ നൽകാൻ ഈ ആത്മാവ് നമ്മെ നിർബന്ധിക്കുന്നു. 'മറ്റൊരുവൻ സ്ഥാപിച്ച അടിസ്ഥാനത്തിൽ പണിയാതെ ക്രിസ്തുവിനെ അറിയാത്ത സ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിക്കുന്നതിൽ ഞാൻ അത്യധികം ഉത്സാഹം കാണിച്ചു' (റോമ 15, 20) എന്ന് വി. പൗലോസ് പറയുമ്പോൾ ഈ ആത്മാവിന്റെ പ്രവർത്തനം നമുക്കു കാണാം.

ജീസസ് യൂത്ത് കൂട്ടായ്മപോലെ കത്തിച്ച തിരികൾക്കിടയിൽ നിൽക്കുമ്പോഴും ഇരുട്ടിന്റെ കാഠിന്യം കൂടിയ ഇടങ്ങളിൽ ദൈവം കത്തിച്ചുവച്ച ഒറ്റത്തിരിയായി മാറാനുള്ള വിളിയും നമുക്കുണ്ടല്ലോ. യേശുവിൽനിന്നു സ്വീകരിച്ച് ഏറ്റവും ആവശ്യമുള്ളിടത്തു കൊടുക്കാൻ, ആത്മാവിനെ പകരാൻ സ്വർഗ്ഗം ആഗ്രഹിക്കുന്നുണ്ട്. വീട്ടിലും ക്യാമ്പസിലും ഇടവകയിലും ഓഫീസിലും ഇനിയും സുവിശേഷമെത്തിയിട്ടില്ലാത്ത ഗ്രാമങ്ങളിലും നഗരങ്ങളിലും നമ്മിലൂടെ ഈ ആത്മാവ് ഒഴുകട്ടെ.

-ഫാ. ഷോജി വെച്ചൂർകരോട്ട്
കേരള ജീസസ് യൂത്ത് ചാപ്ളൈനായ ഷോജിയച്ചൻ അഞ്ചൽ സെന്റ് ജോൺസ് കോളേജ് അധ്യാപകനും മൂവാറ്റുപുഴ മലങ്കര രൂപതാ വൈദികനുമാണ്.

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*